LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF THE FOURTH KERALA LEGISLATIVE ASSEMBLY

Sixteenth Session,

Wednesday, December 22, 1976.

Vol. XLII] OFFICIAL REPORT [No. 3

The Assembly met in the Assembly Chamber, Trivandrum, at 8.30 a. m. on Wednesday, December 22, 1976, with Shri T. S. John, Speaker in the Chair.

1. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the Session).

i. ORAL ANSWERS

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

* 29. [57] ശ്രീമതി പെണ്ണമ്മ ജേക്കബ്:
ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള:
,, കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ എത്രയെണ്ണം തുടങ്ങിക്കഴിഞ്ഞു;

(ബി) 1976-77-ൽ എത്ര എസ്റ്റേറ്റുകൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷ;

(സി) പ്രവർത്തനമാരംഭിച്ച എസ്റ്റേറ്റുകളുടെ പുരോഗതിയെപ്പറ്റി നിരന്തരമായി അന്വേഷിക്കുന്നതിന് എന്തെങ്കിലും ഏർപ്പാട് ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) വ്യവസായ സംരംഭകരുടെ ബുദ്ധിമുട്ടുകൾ യഥാസമയം മനസ്സിലാക്കി പരിഹരിക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?

വിദ്യുച്ഛക്തി മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ) * സർ, (എ, ബി) 108 മിനി വ്യവസായ എസ്റ്റേറ്റുകളുടെ പണി തുടങ്ങുകയും അവയിൽ 88 എണ്ണത്തിന്റെ കെട്ടിടംപണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പണി പൂർത്തിയായവയിൽ 42 എണ്ണം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇവയിൽ എല്ലാം കൂടി 266 യൂണിറ്റുകൾ പൂർണ്ണമായ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്നവ ആരംഭിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായിവരുന്നു.

* On behalf of the Minister for Industries, the Minister for Electricity answered the questions.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

ശ്രീമതി പെണ്ണമ്മ ജേക്കബ്: എറണാകുളം ജില്ലയിൽ ഒന്നു രണ്ടു ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളെ ഉദ്ഘാടനം ചെയ്തു കഴിഞ്ഞെങ്കിലും ശരിയായ വ്യവസായം ആരംഭിച്ചിട്ടില്ലെന്നു കേൾക്കുന്നത് ശരിയാണോ? സാമ്പത്തിക ബുദ്ധിമുട്ടാണെങ്കിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: എറണാകുളം ജില്ലയിൽ എന്നു ജനറലായി പറഞ്ഞാൽ പ്രയാസമാണ്. ഏത് എസ്റ്റേറ്റ് എന്ന് വിവരം തന്നാൽ ബുദ്ധിമുട്ട് എന്താണെന്നുനോക്കി പരിഹരിക്കാൻ നടപടിയെടുക്കാം. കൂടെക്കൂടെ ഉദ്യോഗസ്ഥൻമാരും വ്യവസായം നടത്തുന്നവരും തമ്മിൽ പ്രശ്നങ്ങളെസംബന്ധിച്ച് ചർച്ചചെയ്തു പരിഹരിക്കാൻ നടപടി എടുക്കുകയാണ് ഇപ്പോഴും ചെയ്തുവരുന്നത്.

ശ്രീ. യു. എ. ബീരാൻ: മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്ക് ധനസഹായം നല്കാമെന്നു പറഞ്ഞ സ്ഥാപനങ്ങളും ബാങ്കുകളും വിസമ്മതം കാണിക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: എല്ലാ ബാങ്കുകളെ സംബന്ധിച്ചും അങ്ങനെ പറയാൻ നിവൃത്തിയില്ല. എന്നാൽ ചില ബാങ്കുകളും പണം തരുന്ന കാര്യത്തിൽ സാങ്കേതികമായ തടസ്സങ്ങളും പലതും പറയുന്നതുകൊണ്ട് ഫലത്തിൽ പണം കിട്ടാൻ വിഷമമായിട്ടുണ്ട്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ഈ സാമ്പത്തിക വർഷത്തിൽ ഇനി എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തന ക്ഷമമാക്കാൻ കഴിയുമെന്നാണുദ്ദേശിക്കുന്നത്? വ്യവസായസംരംഭകർക്ക് ബാങ്കുകളിൽനിന്നു നിർല്ലോഭമായ സാമ്പത്തികസഹായം ലഭിക്കുമെന്നു പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരം ഒന്നുകൂടി വ്യക്തമാക്കിയാൽ കൊള്ളാം. പ്രതീക്ഷിച്ച തരത്തിലുള്ള സഹായം കിട്ടത്തക്കവിധത്തിൽ ആളുകളെ വിളിച്ചു വരുത്തി ഒരു കാൺഫറൻസ് നടത്തുന്നതിന് ആലോചിക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: നിർല്ലോഭം എന്നൊക്കെ പറഞ്ഞാൽ, ബാങ്കിന്റെ പ്രവർത്തനത്തിലുള്ള പരിമിതികൾക്കകത്തുനിന്നുകൊണ്ട് എസ്റ്റേറ്റുകൾക്ക് സഹായം തരാം എന്നാണ് പറഞ്ഞിരുന്നത്. ചിലരുടെ സാങ്കേതികത്വം കൂടുതൽ ബുദ്ധിമുണ്ടാക്കുന്ന തരത്തിലായതുകൊണ്ട് കിട്ടാതെ വരും. ബാങ്കുകളുടെ പ്രവർത്തകരുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാനുള്ള വിപണന സാദ്ധ്യതകളെ സംബന്ധിച്ചു പഠിച്ചിട്ട് സാദ്ധ്യതകൾ അറിഞ്ഞിട്ടുണ്ടോ? അങ്ങനെ ശാസ്ത്രീയമായ പഠനങ്ങൾ കൂടാതെ നടപ്പിലാക്കിയാൽ താമസംവിനാ നിന്നു പോകുമെന്നുള്ളതുകൊണ്ട് വിപണന സാദ്ധ്യതകളെസംബന്ധിച്ച് പഠിച്ചിട്ടുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ശാസ്ത്രീയമായ പഠനത്തെ സംബന്ധിച്ചു ചോദിച്ചാൽ, പൊതുവേ നമ്മുടെനാട്ടിൽ ആവശ്യമുള്ള സാധനങ്ങൾ സംബന്ധിച്ച ധാരണ വച്ചുകൊണ്ട്, നേരത്തേതന്നെ, വ്യവസായം ആരംഭിക്കുമ്പോൾ, ഓരോ വ്യവസായത്തെസംബന്ധിച്ചുമുള്ള വസ്തുതകൾ ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെ അറിയിച്ചിട്ടുണ്ട്. പ്രധാനമായും, മാർക്കറ്റിന്റെ കണ്ടുപിടിക്കേണ്ട ജോലി വ്യവസായികൾക്കാണ്. എല്ലാം സർക്കാർ ഏറ്റെടുത്തുനടത്തണം എന്ന സമീപനംതന്നെ തെറ്റാണ്. എന്നാൽ ആദ്യം ആരംഭിക്കുമ്പോൾ ആ വ്യവസായങ്ങൾക്ക് പ്രിഫറൻസ് കൊടുത്തു ഗവൺമെന്റ് അവരിൽനിന്നു സാധനങ്ങൾ മേടിക്കും.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്ക് സ്ഥലം നിർണ്ണയിക്കുമ്പോൾ അതിന്റെ സൂട്ടബിലിറ്റിയെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെന്റുകാർ പറയുന്ന ജംഗ്ഷനുകളിലും മറ്റും വേണമെന്നാണ് വ്യവസ്ഥ. അത്തരം സ്ഥലം കിട്ടാത്തതുകൊണ്ടും ഏക്കറിന് 50,000 വും 40,000 വും കൊടുത്തു വാങ്ങാൻ സാധിക്കാത്തതുകൊണ്ടുമാണ് ഇത് നടക്കാതിരിക്കുന്നത്. അതുകൊണ്ട് പ്രധാനപ്പെട്ട ജംഗ്ഷനിൽ വേണമെന്നുള്ളതു മാറ്റി നല്ല സ്ഥലം കിട്ടുകയാണെങ്കിൽ തിരഞ്ഞെടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തെസംബന്ധിച്ച് ഗവൺമെന്റ് ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആദ്യം മിനി അല്ല ശരിയായ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുതന്നെ ദൃശ്യമാകാവലത്തിൽ കോണ്ടുപോയി പണിതുവച്ചിട്ട് നഷ്ടമാണെന്ന് ബോധ്യപ്പെട്ടു പലതും അടച്ചിടുന്നുണ്ട്. അങ്ങനെ വരാതിരിക്കാനാണ് പ്രധാനപ്പെട്ട സ്ഥലം വേണമെന്നു തീരുമാനമെടുത്തിട്ടുള്ളത്. നടത്തിപ്പിൽ വരുമ്പോഴാണ് ഇങ്ങനെയുള്ള നല്ല സ്ഥലങ്ങളുടെ പ്രയോജനം മനസ്സിലാകുന്നത്. അതുകൊണ്ട് ഗവൺമെന്റിന്റെ ആ തീരുമാനം വളരെ ശരിയാണ്.

ശ്രീ. പി. പി. ജോർജ്: കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ തൃശ്ശൂർ ജില്ലയിൽ ഉദ്ഘാടനം നടത്തിയ പരിയാരം വേളൂർക്കര എന്നീ മിനി വ്യവസായ എസ്റ്റേറ്റുകളിൽ പ്രൊഡക്ഷൻ നടത്താൻ താമസിക്കുന്നത് എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇത് വിപുലമായ ഒരു ചോദ്യമാണ്. ഈ പ്രത്യേക കാര്യം അതിൽ ചോദിച്ചാൽ പറയാൻ പ്രയാസമുണ്ട്. 266 യൂണിറ്റുകളും പൂർണ്ണമായ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 108 മിനി എസ്റ്റേറ്റുകളുടെ പണി തുടങ്ങിയിരുന്നു. അതിൽ എറണാകുളത്തെയോ തൃശ്ശൂരെയോ കാര്യം ചോദിച്ചാൽ പ്രയാസമാണ്.

ശ്രീ. പി. പി. ജോർജ്: സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടുമൂലം പുതിയതായി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കാൻ താമസം നേരിടുമെന്നു കേൾക്കുന്നത് ശരിയാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ശരിയല്ല. നമ്മുടെ പ്ലാൻ അനുസരിച്ച് ഓരോ പഞ്ചായത്തിലും ഓരോ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉണ്ടാക്കുകയാണ് ലക്ഷ്യം. പഞ്ചായത്തുകൾ സ്ഥലം തരണം. എവിടെ എങ്കിലും ഒരു മൂലയിൽ സ്ഥലം കിട്ടിയാൽ പോര. റോഡു സൗകര്യം ഇലക്ട്രിസിറ്റി സൗകര്യം പോസ്റ്റാഫീസ് ഇങ്ങനെ സൗകര്യങ്ങളുള്ള നല്ല സ്ഥലം നോക്കി പഞ്ചായത്തുകൾ തന്നാൽ നേരത്തേ നിശ്ചയിച്ച രീതിയിൽ നടക്കും.

ശ്രീ. എം. തോമസ്: മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുപോലെ സർക്കാരിന്റെ വകയായ വലിയ സ്കീമനുസരിച്ച് ആരംഭിക്കുന്ന വ്യവസായങ്ങളുടെ പ്രധാനമായ ബുദ്ധിമുട്ടു വ്യവസായങ്ങൾ ആരംഭിച്ചുകഴിഞ്ഞാൽ വർക്കിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ക്യാപ്പിറ്റൽ കിട്ടാതെവരുന്നു എന്നുള്ളതാണ്. വർക്കിംഗ് ക്യാപ്പിറ്റൽ കിട്ടാൻ വേണ്ടി ഗവൺമെൻറ് ഏർപ്പാടുകളും ചെയ്തുകൊടുക്കാം എന്നു വാഗ്ദാനം ചെയ്തിരുന്നു. ആ വാഗ്ദാനങ്ങളും നിറവേറ്റാത്തതുകൊണ്ട് പ്രവർത്തിക്കാൻ കഴിയാതെയും കൈവശമുണ്ടായിരുന്നതു ചെലവഴിച്ചതു തിരികെ എടുക്കാൻ കഴിയാതെയും വരുന്നുണ്ട്. ഇങ്ങനെയുള്ള വ്യവസായികൾക്ക് വ്യവസായം മുന്നോട്ടു കൊണ്ടുപോകാനും ഈ ഊരാക്കുടുക്കിൽനിന്നു രക്ഷനേടാനും എന്തെങ്കിലും ഏർപ്പാടുണ്ടാക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: കൂടുക്കൊന്നുമല്ല. വർക്കിംഗ് ക്യാപ്പിറ്റലിന് ബാങ്കിൻെറ സഹായം, സഹായം എന്നു പറഞ്ഞാൽ, ബാങ്കിൽ നിന്നു സാമ്പത്തികസഹായം നല്കാൻവേണ്ടിയുള്ള ഒരു ധാരണ ഉണ്ടായിരുന്നു. ചിലർ സാങ്കേതികത്വം പറഞ്ഞു കൊടുക്കാതിരുന്നിട്ടുണ്ട്. അതുകൊണ്ട് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. വർക്കിംഗ് ക്യാപ്പിറ്റൽ ഏർപ്പാടുചെയ്യാൻ പരിശ്രമം നടത്തുന്നുണ്ട്.

ശ്രീ. എം. തോമസ് : വേറൊരു വശം പറയുകയാണ്. ഇപ്പോഴത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഉണ്ടാക്കുന്ന സാധനങ്ങളും വിറ്റഴിക്കുന്നതിനു വ്യവസായികൾക്കാണ് ചുമതലയെന്നു പറഞ്ഞു. അതാണോ സാർ, ശരി ഗവൺമെൻറ് സഹായത്തോടുകൂടി ഗവൺമെൻറിൻെറ പണം മുടക്കി നടത്തുന്ന വ്യവസായങ്ങളിൽ ഉണ്ടാക്കുന്ന പ്രൊഡക്റ്റ്സ് നമ്മുടെ സംസ്ഥാന ഗവൺമെൻറിന് ആവശ്യമുണ്ടെങ്കിൽ അത് വാങ്ങിക്കുന്നതിനും അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ വ്യവസായികൾക്ക് ആവശ്യമായ പ്രൊഡക്റ്റ്സ് അത് ഉണ്ടാക്കുന്ന വ്യാപാരികളിൽനിന്നും വാങ്ങിക്കുന്നതിനു പ്രത്യേക നിഷ്കർഷ കൊടുക്കുന്നതിന് എന്താണ് തടസ്സം?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ആ നിഷ്കർഷ കൊടുത്തിട്ടില്ലെന്നല്ല ഞാൻ ഈ പറഞ്ഞതിൻെറ അർത്ഥം. എന്നാൽ ഈ ഗവൺമെൻറിന് ആവശ്യമുള്ള സാധനങ്ങളും, പ്രൈസ് പ്രിഫറൻസോടുകൂടി വാങ്ങിക്കാൻ കഴിയുന്ന സാധനങ്ങളും മാത്രം ഉൽപ്പാദിപ്പിച്ചു മാത്രം അവ നടത്താൻ സാധിക്കുകയില്ല. ഇപ്പോൾ ഗവൺമെൻറ് 15 ശതമാനം പ്രൈസ് പ്രിഫറൻസ് കൊടുത്ത് ഗവൺമെൻറ് വക എല്ലാ ആവശ്യങ്ങൾക്കും വാങ്ങിക്കുന്നുണ്ട്. അത് വാങ്ങിച്ചാൽത്തന്നെയും സ്വന്തം കാലിൽ ഒരു യൂണിറ്റിനു നിൽക്കാൻ കഴിയണമെങ്കിൽ ഈ സഹായം പ്രയോജനപ്പെടുത്തിക്കൊണ്ട് കൂടുതൽ മാർക്കറ്റ് ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങളും നടത്തണം. നേരെമറിച്ച് ഇവിടത്തെ മറ്റെല്ലാ വ്യവസായികളെക്കൊണ്ടും പ്രേരണ ചെലുത്തി വാങ്ങിക്കണമെന്നു പറഞ്ഞാൽ കോംപിറ്റീറ്റീവ് പ്രൈസിൽ കിട്ടുന്നതായിരിക്കും വ്യവസായം നടത്തുന്ന ആളുകൾ വാങ്ങിക്കുന്നത്. വ്യവസായം നടത്തുന്നവർക്ക് കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ എത്രയും കുറഞ്ഞത് കിട്ടുന്നതായിരിക്കും അവർ വാങ്ങിക്കാൻ ശ്രമിക്കുന്നത്. ഗവൺമെൻറിനു ചെയ്യാൻ കഴിയുന്നത് അന്യ സംസ്ഥാനത്തുനിന്നും വരുന്നതിൽനിന്നും വ്യത്യസ്തമായി നമ്മുടെ സംസ്ഥാനത്തുള്ളവർക്ക് 15 ശതമാനം പ്രൈസിൽ പ്രിഫറൻസ് കൊടുക്കുന്നതാണ്.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള : 'ഡി' ചോദ്യത്തിൽ വ്യവസായ സംരംഭകരുടെ ബുദ്ധിമുട്ടെന്നു പറയുന്നത് വ്യവസായം തുടങ്ങുന്നവരെന്നാണോ അർത്ഥം ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അല്ല. ചോദ്യം ചോദിച്ച ആളുകൾതന്നെ എന്നോട് ഇങ്ങനെ ചോദിച്ചാൽ എങ്ങനെയാണ്. ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളത് വ്യവസായം തുടങ്ങിയവരെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. കൃഷ്ണൻ : ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ നിർമ്മിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിന് തമിഴ്നാട്ടിൽ ഒരു സംവിധാനമുണ്ട്. അതിന്റെ മാതൃകയിൽ നമ്മുടെ ഈ ഡിസ്ട്രിക്റ്റിൽ നിർമ്മിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിന് ഒരു സംവിധാനം ഏർപ്പാട് ചെയ്യാൻ തയ്യാറാകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : തമിഴ്നാട്ടിൽ എന്താണ് ഉള്ളതെന്ന് എനിക്ക് ബോദ്ധ്യമായിട്ടില്ല. എന്താണെന്ന് പറഞ്ഞാൽ പരിശോധിക്കാം.

ശ്രീ. ദാമോദരൻ കാളാശ്ശേരി : മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടി മുന്നോട്ടു വന്നിട്ടുള്ള ഹരിജനങ്ങൾക്കും ആദിവാസികൾക്കും വേണ്ടത്ര പ്രാതിനിധ്യം കൊടുക്കുന്നില്ലെന്നുള്ള പരാതി ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അങ്ങനെയൊരു പരാതി ലഭിച്ചിട്ടില്ല. കൂടുതൽ കൂടുതൽ അങ്ങനെയുള്ള ആളുകൾ ഈ രംഗത്തേയ്ക്ക് വരണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം.

കർഷക തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ

* 30 [58] ശ്രീ. പി. കെ. രാഘവൻ :
,, എം. രാമപ്പ :
,, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള :
,, പി. ഉണ്ണിക്കൃഷ്ണപിള്ള :
,, ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി-തൊഴിൽ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക തൊഴിലാളി നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ ഇനിയും നടപ്പിലാക്കാനുണ്ടോ ;

(ബി) നടപ്പാക്കിയിട്ടുള്ള വ്യവസ്ഥകൾ സ്റ്റേറ്റിലെ മുഴുവൻ തൊഴിലാളികൾക്കും ബാധകമായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള എന്തെങ്കിലും പ്രത്യേക സംവിധാനം നിലവിലുണ്ടോ ;

(സി) കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളുടെ കിഴക്കൻ താലൂക്കുകളിൽ ഇനിയും നിയമത്തിന്റെ പ്രയോജനം ലഭിച്ചുതുടങ്ങിയിട്ടില്ലെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

കൃഷിയും തൊഴിലും മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):
(എ) ഉണ്ട്.
(ബി) ഉണ്ട്.
(സി) മുഴുവനായി ലഭിച്ചു തുടങ്ങിയിട്ടില്ലെന്ന് അറിവായിട്ടുണ്ട്.

Shri M. Ramappa: Has it come to the notice of the Government that workers are not getting the benefits of the Act and that they are denied work? If so, what action has been taken to guarantee work to them?

LIBRARY ARCHIVES Kerala Legislative Assembly